# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 882 — 25/01/2018ൽ മറുപടിയ്ക്ക്

## ഗ്രീൻ ഇൻഡ്യ മിഷൻ

ചോദ്യം

ശ്രീ. സി.ദിവാകരൻ

ഉത്തരം

അഡ്വ: കെ. രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | വനം വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയുടെ വിശദാംശം നൽകാമോ ; | എ | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഭവിഷ്യത്ത് നേരിടുന്നതിനായുള്ള ദേശീയ കർമ്മപദ്ധതിയുടെ ഭാഗമായ എട്ട് ദൗത്യങ്ങളിൽ ഒന്നാണ് ഗ്രീൻ ഇൻഡ്യാ മിഷൻ വനാശ്രിത സമൂഹങ്ങളുടെ നിലനിൽപ്പിൽ വനങ്ങൾ ചെലുത്തുന്ന സ്വാധീനം ഉൾക്കൊണ്ടുകൊണ്ടാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് ദൂരവ്യാപക പ്രത്യാഘാതം സൃഷ്ടിക്കുന്ന കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അനന്തര ഫലങ്ങൾ ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവാണ് ഹരിതഭാരത ദൗത്യത്തിന് അടിസ്ഥാനം. രാജ്യത്തെ വനസമ്പത്തിന്റെ ഗുണമേന്മയും വിസ്തീർണ്ണവും വർദ്ധിപ്പിക്കുകയും അതുവഴി വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക, സാമൂഹ്യവനവത്ക്കരണ പരിപാടികളുടെ ഭാഗമായ അഗ്രോ ഫോറസ്ട്രി പ്രവർത്തനവും നഗര വനവത്ക്കരണവും വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് ഗുണദായകമായ ജീവനോപായങ്ങൾ വികസിപ്പിക്കുക, വിറകിന് പകരം പുനരുത്പാദനക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. <br> ഭക്ഷ്യസുരക്ഷ, ശുദ്ധജലസുരക്ഷ, ജൈവ വൈവിധ്യ സംരക്ഷണം, സുസ്ഥിര ജീവനം, കാർബൺ സംഭരണം, ജല |

| | | | |
|---|---|---|---|
| | | | പരിവൃത്തി, എന്നിവ GIM ഹരിതവത്ക്കരണത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങളാണ്. |
| ബി | എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | ബി | ഗ്രീൻ ഇൻഡ്യാ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെട്ട 36 വനം ഡിവിഷനുകൾക്ക കീഴിൽ വരുന്ന പ്രദേശങ്ങളിൽ പ്രാദേശിക പങ്കാളിത്ത പഠന പരിപാടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മൈക്രോപ്ലാനുകളും, വാർഷിക പദ്ധതികളും എഫ്.ഡി.എ തലത്തിൽ സംയോജിപ്പിച്ച് അംഗീകരിച്ച് പദ്ധതി നടപ്പാക്കുന്നു. ഓരോ വന വികാസ ഏജൻസിയും പദ്ധതി നടത്തിപ്പിനായി പ്രത്യേകം സൂക്ഷ്മസൂത്രണ രേഖ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഗ്രീൻ ഇൻഡ്യാ മിഷൻ പ്രവർത്തന ങ്ങളിൽ 5 ഉപദൗത്യങ്ങളാണുള്ളത്. പ്രക്ഷീണ വനങ്ങളുടെ ഗുണമേന്മ വർദ്ധി പ്പിക്കൽ, വനാവരണം വർദ്ധിപ്പിക്കലും ജൈവവ്യവസ്ഥയുടെ പുനർനിർമ്മാണവും നഗര ഉപനഗര പ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കൽ, കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും, ശോഷിത തണ്ണീർത്തടങ്ങളുടെ പുനർനിർമ്മാണം എന്നിവയോടൊപ്പം പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു.<br>നിലവിലുള്ള വനങ്ങളുടെ സംരക്ഷണവും സാന്ദ്രത മെച്ചപ്പെടുത്തലും, മണ്ണൊലിപ്പ് നിയന്ത്രണം, നീർച്ചാലുകളുടെയും നീർമറി പ്രദേശങ്ങളുടെയും മണ്ണ് ജല സംരക്ഷണം, വനങ്ങൾക്ക പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ തൈകളുടെ ഉത്പാദനവും വിതരണവും, ഉൽപ്പാദന ക്ഷമതയുള്ള കാലിവളർത്തൽ പ്രോൽസാഹിപ്പിക്കലും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കലും കള നിയന്ത്രണവും, മണ്ണൊലിപ്പ് തടയുകയും അയതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കലും, തടയണ നിർമ്മാണവും ഗള്ളിപ്ലഗിംങ് നടത്തൽ മനുഷ്യ -വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവും, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ പകരം ഇന്ധന ഉപയോഗം പ്രോത്സാഹിപ്പിക്കലും പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. |

| | | | |
|---|---|---|---|
| സി | പദ്ധതി നടത്തിപ്പിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | സി | ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി നടത്തിപ്പിന്റെ ഒന്നാം വർഷമായ 2016 –17 ൽ 15.2470 കോടി രൂപയുടെ ധനസഹായം ലഭിച്ചു. ഇതിൽ കേന്ദ്ര വിഹിതമായ 9.45 കോടി രൂപയും സംസ്ഥാന വിഹിതമായ 6.098 കോടി രൂപയും ഉൾപ്പെടുന്നു. ഈ തുകയിൽ നിന്നും 2017 ഡിസംബർ 31 വരെ 12.82 കോടി രൂപ വിവിധ വന വികാസ ഏജൻസികൾ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചു |

സെക്ഷൻ ഓഫീസർ